പത്രക്കുറിപ്പ്
24-11-2018

## പ്രളയക്കെടുതിയെ നേരിടാൻ മാതൃകാ പ്രവർത്തനങ്ങൾ:
## **അയൽക്കൂട്ട വനിതകൾക്ക് മുഖ്യമന്ത്രിയുടെ അഭിനന്ദനം**

തിരുവനന്തപുരം: കേരളം നേരിട്ട അതിരൂക്ഷമായ പ്രളയക്കെടുതിയിൽ രക്ഷാപ്രവർത്തനങ്ങൾക്കും പുനരധിവാസ അതിജീവന പ്രവർത്തനങ്ങൾക്കും ഏറ്റവും മികച്ച രീതിയിൽ പിന്തുണ നൽകിയ കുടുംബശ്രീ അയൽക്കൂട്ട സഹോദരിമാർക്ക് മുഖ്യമന്ത്രിയുടെ അഭിനന്ദനം. പ്രളയത്തിന്റെ ആദ്യദിനങ്ങളിലും തുടർന്നും കുടുംബശ്രീ സംഘടനാ സംവിധാനമൊന്നാകെ കേരളത്തിന്റെ പുന: സൃഷ്ടിക്കായി കൈകോർത്തുകൊണ്ട് മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ച വച്ചതിനാണ് അഭിനന്ദനങ്ങൾ അറിയിച്ച് മുഖ്യമന്ത്രിയുടെ കത്ത്.

ദുരിതാശ്വാസ പ്രവർത്തനങ്ങളിലും പുനരധിവാസ പ്രവർത്തനങ്ങളിലും കുടുംബശ്രീ പ്രവർത്തകരുടെ പങ്കാളിത്തവും പിന്തുണയും മാതൃകാപരമായിരുന്നുവെന്ന് മുഖ്യമന്ത്രി അറിയിച്ചു. നാലു ലക്ഷത്തിലധികം മനുഷ്യദിനങ്ങളാണ് ശുചീകരണത്തിനായി കുടുംബശ്രീ പ്രവർത്തകർ വിനിയോഗിച്ചത്. ദുരിതത്തിനിരയായ 38,698 കുടുംബങ്ങളെ കുടുംബശ്രീ പ്രവർത്തകർ സ്വന്തം വീടുകളിൽ സംരക്ഷിച്ചു. ദുരിതബാധിതർക്ക് കൗൺസിലിംഗ് നൽകുന്നതിനും ക്യാമ്പുകളിൽ ധാന്യ കിറ്റുകൾ പായ്ക്ക് ചെയ്യുന്നതിലുമെല്ലാം കുടുംബശ്രീ പ്രവർത്തകർ മുൻനിരയിലുണ്ടായിരുന്നു. കേരളത്തിന്റെ പുനർ നിർമാണത്തിലും കുടുംബശ്രീ നല്ല നിലയിലാണ് സഹകരിച്ചത്. തങ്ങളുടെ ആഴ്ച സമ്പാദ്യത്തിൽ നിന്നും 11.18 കോടി രൂപയാണ് കേരളത്തിന്റെ പുന:നിർമാണത്തിനായി കുടുംബശ്രീ അംഗങ്ങൾ സംഭാവനയായി നൽകിയത്. കൂടാതെ നവകേരള ലോട്ടറി വിൽപ്പനയിലൂടെ 9.31 കോടി രൂപയും കുടുംബശ്രീ നേടിത്തന്നു. മനുഷ്യ സ്നേഹത്തിന്റെ ഉദാത്ത മാതൃകയാണിത്.

പ്രളയ നാളുകളിൽ സ്വയം സമർപ്പിതമായി നാടിനു വേണ്ടി പ്രവർത്തിച്ച കുടുംബശ്രീ അയൽക്കൂട്ടാംഗങ്ങളെയും അതിന് നേതൃത്വം കൊടുത്ത സി.ഡി.എസ് ഭാരവാഹികളെയും മുഖ്യമന്ത്രി ഹൃദയപൂർവം അഭിനന്ദിച്ചു. കേരള പുന:നിർമാണ പ്രവർത്തനങ്ങളിൽ ഓരോ കുടുംബശ്രീ അംഗത്തിന്റെയും പങ്കാളിത്തവും പിന്തുണയും ഉണ്ടാകണമെന്നും മുഖ്യമന്ത്രി കത്തിൽ സ്നേഹപൂർവം അഭ്യർത്ഥിച്ചു.

എക്സിക്യൂട്ടീവ് ഡയറക്ടർ

കുടുംബശ്രീ